**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 310** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് ഭവനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കൂലി വർദ്ധനവും പരിഗണിച്ച് പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാർക്ക് നൽകി വരുന്ന ഭവന നിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |
| (ബി) | സംസ്ഥാനത്തെ മുഴവൻ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം നിർമ്മിച്ചു നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; വ്യക്തമാക്കാമോ ? | (ബി) | സംസ്ഥാനത്തെ ഭവനരഹിതരായ മുഴവൻ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കി വരുന്ന പദ്ധതിയാണ് നവകേരള മിഷന്റെ ഭാഗമായുള്ള ലൈഫ് പദ്ധതി. ഇതിന്റെ ഭാഗമായി സ്വന്തമായി ഭൂമിയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നു. ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന സമുച്ചം നിർമ്മിച്ചു നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരിൽ സ്വന്തം നിലയ്ക്കും വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളുടെ ധനസഹായത്താൽ ഭൂമി ആർജിച്ചവർക്ക് ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിക്കുന്നു. എന്നാൽ പ്രത്യേക പദ്ധതി നടപ്പാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ